സിറ്റിംഗ്ഫീസ്

(31.10.96 മുതൽ പാർട്ട്ടൈം മെമ്പർ) - 4800 രൂപ

ടെലിഫോൺ (വീട്ടിലെയും ഓഫീസിലെയും) - 409929 രൂപ

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ തുക - 20209 രൂപ

3. ഡോ. ബി. ഇക്ബാൽ (പാർട്ട് ടൈം മെമ്പർ)

സിറ്റിംഗ് ഫീസ് - 154500 രൂപ

ടെലിഫോൺ (ഓഫീസിലെയും വീട്ടിലെയും) - 120622 രൂപ

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ തുക - 12962 രൂപ

4. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ (പാർട്ട്ടൈം മെമ്പർ)

ശമ്പളം പ്രതിമാസം ഒരു രൂപ നിരക്കിൽ - 38 രൂപ

ടെലിഫോൺ (ഓഫീസിലെയും വീട്ടിലെയും) - 142007 രൂപ

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ രൂപ - 1651 രൂപ

5. ശ്രീ. എം.കെ. സാംബമൂർത്തി (പാർട്ട്ടൈം മെമ്പർ)

സിറ്റിംഗ് ഫീസ് - 37300 രൂപ

ടെലിഫോൺ (ഓഫീസിലെയും വീട്ടിലെയും) - ഇല്ല

മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് - ഇല്ല

പത്രമാസികകൾക്കായി നൽകിയ തുക - ഇല്ല.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് രാജ്യാന്തര സമ്മേളനം

30 (685) ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സമ്മേളനത്തിന്റെ പ്രചാരണം, പ്രസിദ്ധീകരണങ്ങൾ, പ്രതിനിധികളുടെ താമസം, ഭക്ഷണം, യാത്രചെലവ് തുടങ്ങിയ ഓരോ ഇനത്തിലും എന്തുതുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

(സി) രാജ്യാന്തര സമ്മേളനത്തിന്റെ നടത്തിപ്പിനാവശ്യമായ തുക എപ്രകാരം സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സമ്മേളനംമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടായെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായി.

(ബി) അന്താരാഷ്ട്ര സെമിനാറിന്റെ ഓരോ ഇനത്തിലും ഉള്ള ചെലവിന്റെ താൽക്കാലിക കണക്ക് ചുവടെ നൽകുന്നു.

	ഇനം	ചെലവ്
1.	പ്രചരണം	8,62,800
2.	പ്രസിദ്ധീകരണം	21,62,650
3.	താമസം	7,69,500
4.	ഭക്ഷണം	5,07,945
5.	യാത്രാചെലവ്	4,40,980
6.	മറ്റിനം	10,55,345

(വേദികൾ നിർമ്മിച്ചതും കലാപരിപാടികൾ ഉൾപ്പെടെ)

(സി) ദേശസാൽകൃത ബാങ്കുകൾ, ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വിസ്സ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (എ.ഡി.സി) എന്നിവയിലൂടെയുള്ള സംഭാവന, പ്രതിനിധികളിൽനിന്ന് രജിസ്ട്രേഷൻ ഫീസ് മുതലായ രീതിയിലാണ് രാജ്യാന്തര സമ്മേളനത്തിന്റെ ഫണ്ടു സമാഹരിച്ചത്.

(ഡി) (1) പ്രാദേശിക ആസൂത്രണത്തിലും നിർവ്വഹണത്തിലും ലോകോത്തര മാതൃകയായി കാണിക്കാവുന്ന ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ജനകീയാസൂത്രണത്തിന് കഴിഞ്ഞു എന്ന് ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞു.

(2) കേരളത്തിൽ നടത്തുന്ന ജനകീയാസൂത്രണത്തിന് സമാന്തരമായി ലോകത്തു വളരെ ചുരുക്കം അനുഭവങ്ങളെ ഉള്ളൂവെന്ന് വ്യക്തമായി.

(3) ജനകീയാസൂത്രണത്തിന്റെ 250-ൽപരം മാതൃകാ വികസന പ്രവർത്തനങ്ങൾ ചിട്ടയായി ഡോക്യുമെന്റ് ചെയ്യുവാൻ സാധിച്ചു.

(4) സമ്മേളനത്തിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജനകീയാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിന് നിയമഭേദഗതികളും ഭരണപരിഷ്ക്കാരങ്ങളും നടത്തുന്നതിന് കളമൊരുക്കി.

(5) ജനകീയാസൂത്രണത്തിന്റെ ഭൗതിക നേട്ടങ്ങൾ ക്രോഡീകരിക്കുവാൻ കഴിഞ്ഞു.

പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ച വാർഷിക പദ്ധതി

31 (686) ശ്രീ. പി.ജെ. ജോയി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly